
ബൈബിൾ ചിത്രകഥ

MAR LOUIS PUBLICATIONS

# എന്നും നമ്മോടുകൂടെ



ബൈബിൾ ചിത്രകഥ - 45

# എന്നും നമ്മോടുകൂടെ

പുറമെനിന്നു നോക്കുന്നവർക്ക് യേശുവിന്റെ മരണം ഏറ്റം വലിയ പരാജയമായിരുന്നു. മൂന്നുവർഷം നിരന്തരം കൂടെ കൊണ്ടുനടന്ന ഉറ്റ സുഹൃത്തുക്കളായ അപ്പസ്തോലന്മാർപോലും അവനെവിട്ട് ഓടിയൊളിച്ചു. എല്ലാവരാലും പരിത്യക്തനായി, അവഹേളനങ്ങൾക്കുമദ്ധ്യേ, ദൈവദൂഷകനും രാജദ്രോഹിയുമെന്ന് വിധിക്കപ്പെട്ട് കുരിശിൽ മരിച്ചവൻ മനുഷ്യദൃഷ്ടിയിൽ പരാജിതനായിരുന്നു. മനുഷ്യന്റെമേൽ ആധിപത്യം സ്ഥാപിച്ച തിന്മയുടെ ശക്തി വിജയം ആഘോഷിച്ചു. മരിച്ചവൻ ഇനി മടങ്ങിവരരുത് എന്ന നിർബന്ധത്തോടെ അവർ ശവക്കല്ലറയ്ക്കു കാവൽ ഏർപ്പെടുത്തി.

എന്നാൽ അവസാന വാക്ക് മരണത്തിന്റേതല്ല എന്ന് ദൈവം തെളിയിച്ചു. പരമമായ സ്നേഹത്താൽ പ്രചോദിതനായി സ്വയം സമർപ്പിച്ചവനെ ദൈവം ഉയിർപ്പിച്ചു. മരണത്തിന്റെമേൽ ദൈവം വരിച്ച വിജയമാണ് യേശുവിന്റെ പുനരുത്ഥാനം, അതോടെ മനുഷ്യവർഗ്ഗം മാത്രമല്ല ഈ സൃഷ്ടപ്രപഞ്ചം തന്നെ നവീകരിക്കപ്പെട്ടു. പാപത്തിന്റെ ദാസ്യത്തിൽ അമർന്ന മനുഷ്യന് മോചനത്തിന്റെ മണിദീപമാണത്. മനുഷ്യന്റെ മഹത്വവും മനുഷ്യജീവിതത്തിന്റെ അർത്ഥവും മനുഷ്യന് ദൈവം കല്പിച്ചിരിക്കുന്ന വിലയും പുനരുത്ഥാനത്തിലൂടെ വെളിപ്പെടുന്നു.

തികച്ചും നൂതനമായ ഈ സംഭവത്തെ വിശ്വസിക്കാനും മനസ്സിലാക്കാനും ശിഷ്യന്മാർക്കുപോലും സമയം വേണ്ടിവന്നു. യേശു മുൻകൂട്ടി അറിയിച്ചിരുന്നെങ്കിലും അതു വിശ്വസിക്കാൻ ശിഷ്യന്മാർക്ക് കഴിഞ്ഞില്ല. കുരിശുമരണത്താൽ സകല പ്രതീക്ഷകളും തകർന്നവർക്കു ശൂന്യമായ ശവക്കല്ലറപോലും മതിയായ തെളിവായിരുന്നില്ല. ഉത്ഥിതനായ നാഥൻ നേരിട്ട് പ്രത്യക്ഷപ്പെട്ടിട്ടും ആദ്യം അവർക്കു സംശയമായിരുന്നു. കുരിശിൽ മരിച്ചവൻ മരണത്തെ കീഴടക്കിയെന്ന് സാവധാനമേ അവർക്കു മനസ്സിലായുള്ളൂ. ഉത്ഥാനം ചെയ്ത നാഥനുമായി കണ്ടുമുട്ടുകയും അവനോടൊത്തു ഭക്ഷിക്കുകയും ചെയ്തപ്പോൾ അവരുടെ സംശയങ്ങൾ അകന്നു. ദൈവത്തിന്റെ ഈ പുതിയ പ്രവർത്തനത്തിലേക്കു വിശ്വാസത്തിന്റെ ഉൾക്കണ്ണു തുറന്നവരുടെ ഹൃദയങ്ങളിൽ സന്തോഷം നിറഞ്ഞു തുളുമ്പി; ഭീരുക്കളുടെ ഭയം അകന്നു.

എമ്മാവൂസിലേക്കു പോയ ശിഷ്യന്മാർ അപ്പം മുറിക്കലിൽ യേശുവിനെ തിരിച്ചറിഞ്ഞു. ക്രൈസ്തവ സമൂഹത്തിൽ നടക്കുന്ന വിശുദ്ധ കുർബ്ബാനയുടെ ആദിരൂപമാണ് അപ്പം മുറിക്കൽ. യേശുവിനെ ഇന്നു നമുക്കും കണ്ടുമുട്ടാൻ കഴിയുന്ന വേദിയാണ് വി. കുർബ്ബാന.

Published by : MAR LOUIS PUBLICATIONS
Broadway, Ernakulam
Kochi - 682 031, Ph: 0484-2352110
Website : www.marlouiskochi.com
E-mail : mlbookcentre@gmail.com
mlpekam@gmail.com

ഉത്ഥിതനായ നാഥനെ കർത്താവും ദൈവവുമായി ആദ്യമേ ഏറ്റുപറഞ്ഞത് അപ്പസ്തോലനായ തോമസാണ്. അദ്ദേഹത്തിന്റെ സംശയത്തെക്കാൾ വിശ്വാസത്തിനാണ് സുവിശേഷകൻ പ്രാധാന്യം നല്കുന്നത്. ശാരീരികമായി യേശുവിനെ കാണാൻ കഴിയാത്തവരും അപ്പസ്തോലന്മാരുടെ സാക്ഷ്യത്തിൽ വിശ്വസിച്ചുകൊണ്ട് യേശുവിനെ കർത്താവും ദൈവവുമായി ഏറ്റുപറയണം എന്ന് ഈ സംഭവം അനുസ്മരിപ്പിക്കുന്നു.

അപ്പസ്തോല പ്രമുഖനായി പത്രോസിനെയാണ് യേശു തിരഞ്ഞെടുത്തത്. ഗുരുവിനെ മൂന്നുതവണ നിഷേധിച്ച അപ്പസ്തോലന് മൂന്നു പ്രാവശ്യം തന്റെ സ്നേഹവും വിശ്വാസവും ഏറ്റുപറയാൻ യേശു അവസരം നല്കി. പൂർണ്ണമായ മാനസാന്തരത്തിന്റെ അടയാളമാണ് ഈ പ്രഖ്യാപനം. യേശുവിനോടുള്ള സ്നേഹവും വിധേയത്വവുമാണ് അപ്പസ്തോലന്മാരുടെ അധികാരത്തിന് അടിസ്ഥാനമായി നില്ക്കുന്നത്.

ഉത്ഥിതനായ നാഥൻ തന്റെ അപ്പസ്തോലന്മാരെ ലോകം മുഴുവൻ സുവിശേഷം പ്രഘോഷിക്കാനായി അയച്ചു. പിതാവായ ദൈവം പുത്രനെ അയച്ചതുപോലെ പുത്രൻ അപ്പസ്തോലന്മാരെ അയയ്ക്കുന്നു. യേശുവിലൂടെ മനുഷ്യവർഗ്ഗത്തിനു കൈവന്ന രക്ഷയുടെ സദ്വാർത്ത അവർ ലോകം മുഴുവൻ അറിയിക്കണം. യേശുവിന്റെ കല്പനകൾ അനുസരിച്ചു ജീവിക്കാൻ എല്ലാവരെയും പഠിപ്പിക്കണം. ഇതാണ് യേശുവിന്റെ സഭയുടെ ദൗത്യം. ഈ ദൗത്യത്തിൽ ശിഷ്യന്മാരെല്ലാവരും എക്കാലത്തും പങ്കുചേരുന്നു.

മരണവും ഉത്ഥാനവും വഴി തന്റെ മഹത്ത്വത്തിലേക്കു പ്രവേശിച്ചു. ഈ സത്യം ഊന്നിപ്പറയുന്നതാണ് സ്വർഗ്ഗാരോഹണം. എന്നാൽ ഉത്ഥിതനായ നാഥൻ നമ്മിൽ നിന്ന് അകന്നുപോയിട്ടില്ല. ശാരീരികദൃഷ്ടികൾക്ക് അദൃശ്യനെങ്കിലും അവൻ എന്നും എല്ലായിടത്തും നമ്മോടുകൂടെയുണ്ട്. ഈ സത്യമാണ് വി. മത്തായിയുടെ സുവിശേഷത്തിന്റെ അവസാനവാക്യത്തിൽ വെളിവാക്കപ്പെടുന്നത്.

യേശുവിന്റെ പുനരുത്ഥാനം നമ്മുടെ പുനരുത്ഥാനത്തിന്റെ അച്ചാരമാണ്. യേശു മരണത്തിൽ നിന്നുയിർത്തെഴുന്നേറ്റതുപോലെ ഒരിക്കൽ നമ്മുടെ ശരീരങ്ങളും ഉയിർപ്പിക്കപ്പെടും. എല്ലാ മരിച്ചവരുടെയും പുനരുത്ഥാനം ലോകാവസാനത്തോടെയാണ് സംഭവിക്കുക. അതോടെ മരണം തന്നെ ഇല്ലാതാകും. നിത്യജീവിതത്തിലുള്ള പ്രത്യാശയാണ് ക്രിസ്തുവിന്റെ ശിഷ്യരെ നയിക്കുന്നത്. ഈ ലോകജീവിതത്തിലെ സകല ക്ലേശങ്ങളും നേരിടാനും, യേശുവിനെപ്പോലെ സത്യത്തിനും നീതിക്കും വേണ്ടി ജീവൻ സമർപ്പിക്കാനും ക്രൈസ്തവനെ ശക്തിപ്പെടുത്താനും പുനരുത്ഥാനത്തിലുള്ള വിശ്വാസമാണ്.

## ചോദ്യങ്ങൾ

ഈ ചിത്രകഥയും എന്നും നമ്മോടുകൂടെ എന്ന ഈ പുസ്തകവും വായിച്ചതിനുശേഷം ഉത്തരമെഴുതുക.

1. യേശുവിന്റെ ശവകുടീരത്തിന് കാവലേർപ്പെടുത്താൻ കാരണമെന്ത്?
2. നേതാക്കന്മാർ കാവല്ക്കാർക്കു കൈക്കൂലി കൊടുത്തതെന്തിന്?
3. എമ്മാവൂസിലേക്കു പോയ ശിഷ്യന്മാർ എപ്പോഴാണ് യേശുവിനെ തിരിച്ചറിഞ്ഞത്?
4. ശവകുടീരത്തിലേക്കു ചെന്ന പത്രോസും യോഹന്നാനും എന്തുകണ്ടു?
5. മഗ്ദലേനാമറിയം എപ്പോഴാണ് യേശുവിനെ തിരിച്ചറിഞ്ഞത്?
6. ഉത്ഥിതനെ കണ്ടുമുട്ടിയ തോമസ് എന്തു പറഞ്ഞു?
7. കടൽ തീരത്തുവച്ച് യേശു പത്രോസിനു നല്കിയ ദൗത്യമെന്ത്?
8. സ്വർഗ്ഗാരോഹണത്തിന്റെ അർത്ഥമെന്ത്?
9. സ്വർഗ്ഗാരോഹണം രേഖപ്പെടുത്തിയിട്ടില്ലാത്ത സുവിശേഷങ്ങൾ ഏവ?
10. യേശുവിന്റെ ഉത്ഥാനം നമുക്കു നല്കുന്ന പ്രതീക്ഷയെന്ത്?

# ബൈബിൾ ചിത്രകഥ-45

# യേശുക്രിസ്തു -15

# എന്നും നമ്മോടുകൂടെ

രചന : മൈക്കിൾ കാരിമറ്റം
ചിത്രീകരണം : ദേവസി * ബെന്നി

കുരിശുവരെ യേശുവിനെ അനുഗമിച്ച ശിഷ്യന്മാർ ശവസംസ്കാരത്തിനു ശേഷം ദുഃഖത്താൽ തകർന്ന ഹൃദയവുമായി തിരിച്ചുപോയി.




താമസിയാതെ ഇരുട്ടാകും. സാബത്താരംഭിച്ചുകഴിഞ്ഞു. ഈ രാത്രി നിങ്ങൾ എന്റെ വീട്ടിൽ താമസിക്കുവിൻ.
അതാണു നല്ലത്. ജോസഫ്, അങ്ങ് ഇവരെ വീട്ടിലേക്കു കൊണ്ടുപോവുക. ഞാൻ പത്രോസിനെയും കൂട്ടരെയും അന്വേഷിക്കട്ടെ.
നിങ്ങൾക്ക് ആ മാളികമുറിയിൽ താമസിക്കാം.
അന്ത്യഅത്താഴത്തിന്റെ ഓർമ്മ മുറ്റിനില്ക്കുന്ന മുറി. അതിനേക്കാൾ നല്ലൊരഭയകേന്ദ്രമില്ല.
ജോസഫിന്റെ വീട്ടിൽ
“ജീവനും പുനരുത്ഥാനവും ഞാനാണ്” എന്നു പറഞ്ഞവൻ എന്തേ ഇത്ര ക്രൂരമായി കൊല്ലപ്പെട്ടു?
ഈ മരണത്തെക്കുറിച്ചും ഗുരു മുൻകൂട്ടി പറഞ്ഞിരുന്നു.
അതൊരു യാഥാർത്ഥ്യമാവരുതേ എന്ന് എത്ര തീവ്രമായി ഞാൻ ആഗ്രഹിച്ചു! എന്നാലും അതു സംഭവിക്കും എന്ന് എനിക്കറിയാമായിരുന്നു.
എന്റെ ഉള്ളിന്റെ ഉള്ളിൽ തറച്ച വാൾ പോലെ എന്നെ വേദനിപ്പിച്ചിരുന്നു.


ഇവൻ ഇസ്രായേലിൽ പലരുടെയും... വീഴ്ചയ്ക്കും കാരണമാകും.... നിന്റെ ഹൃദയത്തിലൂടെ ഒരു വാൾ തുളച്ചുകയറും.
ഒരു നിമിഷംപോലും വിട്ടു മാറാത്ത ഭീകരസ്വപ്നംപോലെ ആ പ്രവചനം എന്നെ വേട്ടയാടി. എന്നാലും ഇത്ര ക്രൂരമായിരിക്കും അത് എന്നു ഞാൻ കരുതിയില്ല.
എല്ലാം എത്ര പെട്ടെന്നാണ് അവസാനിച്ചത്! നന്മയ്ക്ക് ഇവിടെ നിലനില്പില്ലേ?
ഇത് അവസാനമല്ല. അവന്റെ വാക്കുകൾ ഒന്നും നിറവേറാതിരുന്നിട്ടില്ല. മൂന്നാംദിവസത്തെക്കുറിച്ചും അവൻ പറഞ്ഞിട്ടുണ്ടല്ലോ.
“മൂന്നാംദിവസം ഞാൻ ഉയിർത്തെഴുന്നേല്ക്കും.”
ലോകാവസാനം നീതിമാന്മാർ ഉയിർത്തെഴുന്നേല്ക്കുന്നതിനെക്കുറിച്ചല്ലേ ആ പറഞ്ഞത്?
എനിക്കത്ര നിശ്ചയമില്ല. എന്നാലും എല്ലാം അവസാനിച്ചിട്ടില്ല എന്ന് എന്റെ ഉള്ളിലിരുന്ന് ആരോ പറയുന്നതുപോലെ.


അതേസമയം അപ്പസ്തോലന്മാർ അന്ത്യഅത്താഴ മാളികയിൽ ഒരുമിച്ചുകൂടി.
എന്നാലും യൂദാസ് ഇതു ചെയ്യുമെന്ന് ഞാൻ കരുതിയില്ല.
പ്രധാനപുരോഹിതനും സംഘവുമാണതു ചെയ്തത്. ലാസറിനെ ഉയിർപ്പിക്കുന്നതു കണ്ടിട്ടുപോലും അവർക്കു വിശ്വാസമായില്ലല്ലോ.
അസൂയ! തങ്ങളുടെ അധികാരം നഷ്ടപ്പെട്ടേക്കുമോ എന്ന ഭയവും.
പീലാത്തോസാണ് വാസ്തവത്തിൽ ഇതിനുത്തരവാദി. കുറ്റമില്ലെന്നു പലതവണ ആവർത്തിച്ചു പറഞ്ഞിട്ടും കൊലയ്ക്കു കൊടുത്തില്ലേ.
കൈകഴുകിയതുകൊണ്ട് ഈ രക്തക്കറ മായില്ല.
നമ്മൾ മറ്റുള്ളവരെ കുറ്റം പറഞ്ഞിട്ടു കാര്യമില്ല. നമ്മൾ തന്നെ എന്താണു ചെയ്തത്? നിർണ്ണായകനിമിഷത്തിൽ എല്ലാവരും ഒളിച്ചോടി.


ഇനി എന്താണു നമ്മൾ ചെയ്യുക?
കഴിയുന്നതും വേഗം ഗലീലിയിലേക്കു മടങ്ങണം.
നഗരത്തിൽ നിന്ന് എങ്ങനെ രക്ഷപ്പെടും? സകല വാതില്ക്കലും പട്ടാളം കാവലുണ്ട്.
അവർ നമ്മളെ തിരയുകയാണ്. തോട്ടത്തിൽവച്ച് വാളുപയോഗിച്ചതു വലിയ വിഡ്ഢിത്തമായി.
പത്രോസ്, നീയല്ലേ വാളെടുത്തത്. ഇനി എന്തു ചെയ്യണം എന്നു പറയൂ!
ഗുരുവിനെ രക്ഷിക്കാമെന്ന് ഞാൻ വിചാരിച്ചു. ആ ഞാൻ തന്നെ അവനെ അറിയുകയില്ലെന്നു മൂന്നു പ്രാവശ്യം...
നമ്മൾ പരസ്പരം കുറ്റപ്പെടുത്തിയിട്ടു കാര്യമില്ല.
ഇതെല്ലാം ഇപ്രകാരം സംഭവിക്കുമെന്ന് ഗുരു മുൻകൂട്ടി പറഞ്ഞിരുന്നു. പക്ഷേ നമ്മളാരും അതു വിശ്വസിച്ചില്ല.


അന്നു വൈകുന്നേരം യഹൂദനേതാക്കന്മാരും കൂടിയാലോചിച്ചു.
നമ്മുടെ ജനത്തെ നാശത്തിൽ നിന്നു രക്ഷിച്ചതിനു ബഹുമാന്യരായ റബ്ബിമാരേ, നിങ്ങളോടു ഇസ്രായേൽ ജനം എന്നും കടപ്പെട്ടിരിക്കും.
ഇന്നു നമുക്കു സന്തോഷത്തിന്റെ ദിവസമാണ്. ആ നസ്രായന്റെ ഭീഷണി ഒഴിവായല്ലോ.
അവന്റെ ശിഷ്യന്മാരെ സൂക്ഷിക്കണം.
അവരേതായാലും നല്ലൊരു പാഠം പഠിച്ചു. ഇനി തലപൊക്കില്ല.
എനിക്കത്ര വിശ്വാസമാകുന്നില്ല.
എന്താണ്?
ഗലീലിയിൽ യേശുവിനു ധാരാളം അനുഭാവികളുണ്ട്.


വിലകെട്ട കുറെ ദരിദ്രരും സ്ത്രീകളുമല്ലേ. ഒറ്റയെണ്ണം ഇനി അവന്റെ പേരുപോലും പറയില്ല.
മരിച്ച് മൂന്നാംദിവസം താൻ ഉയിർത്തെഴുന്നേല്ക്കുമെന്ന് അവൻ പലതവണ പറഞ്ഞിട്ടുണ്ട്.
അവന്റെ ശിഷ്യന്മാർ ശരീരം മോഷ്ടിച്ചിട്ട് അവൻ ഉയിർത്തെഴുന്നേറ്റു എന്നു പറഞ്ഞുപരത്തിയെന്നുവരാം.
!
ആ കെട്ടുകഥ ആരെങ്കിലും വിശ്വസിക്കുമോ?
അതത്ര നിസ്സാരമായി കരുതരുത്. ലാസറിനെ അവൻ ഉയിർപ്പിച്ചതല്ലേ. ജനം എന്തും എളുപ്പം വിശ്വസിക്കും.
അതിനിപ്പോൾ എന്താണൊരു പോംവഴി?
അവൻ ഉയിർത്തെഴുന്നേല്ക്കാതെ നോക്കണം.
അവൻ ഉയിർത്തെഴുന്നേല്ക്കുമെന്ന് അങ്ങ് വിശ്വസിക്കുന്നുണ്ടോ?
!



വിശ്വസിച്ചിട്ടല്ല. അങ്ങനെ ഒരു വാർത്ത പരക്കാൻ നാം അനുവദി ക്കരുത്.
വിവരം കേട്ടവരുടെ നാവട ക്കാൻ എന്താണു ചെയ്യുക?
അവന്റെ ശവകുടീരത്തിനു കാവൽ ഏർപ്പെടുത്തണം. ശവം നമ്മുടെ കൈവശമുണ്ടെങ്കിൽ പിന്നെ നുണ പ്രചരണം അസാധ്യ മാകുമല്ലോ.
!!
പക്ഷേ ശരീരം മറവുചെയ്യാൻ പീലാ ത്തോസാണ് അനുവദിച്ചത്. ശവകു ടീരം ഒരു സാൻഹെദ്രിൻ സംഘാംഗ ത്തിന്റേതാണ്. അവിടെ ആരാണ് കാവൽ ഏർപ്പെടുത്തുക?
പീലാത്തോസിനോടു പറയണം.
?
ഇനി അങ്ങോട്ടുപോകാൻ എനിക്കു മടിയാണ്.
പോയേ മതിയാകൂ! അല്ലെ ങ്കിൽ നമ്മൾ വീണ്ടും അപ കടത്തിലാകും.


ഫിനഹാസ് പീലാത്തോസിന്റെ മുമ്പിൽ പ്രശ്നം അവതരിപ്പിച്ചു.
ആ നിരപരാധിയെ നിങ്ങൾ കൊന്നു കുഴിച്ചിട്ടു. ഇനിയും തൃപ്തിയായില്ലേ?
അവന്റെ ശിഷ്യന്മാർ ശരീരം മോഷ്ടിക്കാതിരിക്കാൻ ശവകുടീരത്തിനു കാവൽ ഏർപ്പെടുത്തണം.
!!
നിങ്ങൾക്കൊരു പള്ളിപ്പടയുണ്ടല്ലോ. പോയി കാവൽ നിന്നോളൂ.
ഈ അനുവാദത്തിനു ഞങ്ങൾ അതീവ കൃതജ്ഞരാണ്.
ചീഞ്ഞഴിയുന്ന ശവത്തിനു കാവൽ നിങ്ങൾക്കു ചേരുന്ന ജോലിയാണ്.
!?
അവൻ ഉയിർത്തെഴുന്നേറ്റു എന്നു പറയാൻ ഇടവരാതിരിക്കുന്നത് നമ്മൾ ഇരുകൂട്ടർക്കും നല്ലതാണ്.
നിങ്ങൾക്കു പോകാം. പ്രചരണങ്ങളെ നേരിടാൻ റോമിനറിയാം.
!



അവർ ശവകുടീരത്തിനു മുദ്രവച്ച് കാവൽ ഏർപ്പെടുത്തി. ഞായറാഴ്ച വെളുപ്പിന്,
പ്രധാനപുരോഹിതനു ഭ്രാന്താണ്. അല്ലെങ്കിൽ ശവത്തിനു കാവൽ നില്ക്കാൻ പറയുമോ?
എന്തു ഭ്രാന്താണെങ്കിലും അവർ പറയുന്നത് അനുസരിക്കാനല്ലേ നമുക്കു കഴിയൂ.




അതാ കോഴി കൂവുന്നു. നമ്മുടെ സമയം കഴിഞ്ഞല്ലോ.
!





ഹെയ് എഴുന്നേല്ക്കൂ! നിങ്ങളുടെ തവണയായി.
!


ഒന്നു കണ്ണടയ്ക്കാൻ ഇനിയും നേരമുണ്ട്.
നില്ക്കൂ! എന്താണാ ശബ്ദം? ഇതിനകത്തു നിന്നാണല്ലോ കേട്ടത്.
ജാഗ്രത!
?


അടുത്ത നിമിഷം
???


കാവൽ നിന്ന പടയാളികൾ ഭയന്നോടി പ്രധാനപുരോഹിതന്റെ അടുക്കലെത്തി.
ശവകുടീരത്തിനു കാവൽ നില്ക്കേണ്ട നിങ്ങൾ എന്താ ഇവിടെ?
ഇനി കാവലിനാ വശ്യമില്ല.
?
കല്ലറ തുറന്നു ശൂന്യമായി കിടക്കുന്നു.
അവന്റെ ശിഷ്യന്മാർവന്ന് ശരീരം മോഷ്ടിച്ചു അല്ലേ? നിങ്ങൾ സുഖമായി ഉറങ്ങി!
ഞങ്ങൾ നോക്കി നില്ക്കുമ്പോഴാണതു സംഭവിച്ചത്.
എന്ത്?
സ്വർഗ്ഗത്തിൽനിന്ന് ഒരു ദൂതൻ ഇറങ്ങിവന്ന് കല്ലു തട്ടിമാറ്റി.
നിങ്ങൾ സ്വപ്നവും കണ്ടോ?
ഇതു സ്വപ്നമല്ല. അവനെ കണ്ട് ഞങ്ങളെല്ലാം ഭയന്ന് ബോധം കെട്ടുപോയി.


ബോധം കെട്ടുറങ്ങിയതിന് തക്ക ശിക്ഷ നല്കുന്നതായിരിക്കും.
തിരുമനസ്സേ, ഇതു സത്യമാണ്. ആ മനുഷ്യൻ ദൈവപുത്രനായിരുന്നു.
നമ്മൾ ഭയപ്പെട്ടതു തന്നെ സംഭവിച്ചു. ദൈവത്തെ തടയാൻ ആർക്കു കഴിയും?
!
നിങ്ങൾ ഉറങ്ങി. ശിഷ്യന്മാർ ശരീരം മോഷ്ടിച്ചു. ഇതാണു സത്യം. മനസ്സിലായോ?
ഞങ്ങൾ കണ്ടത്?
നിങ്ങൾക്ക് ഓരോരുത്തർക്കും ആയിരം ഷെക്കൽ വീതം നല്കുന്നതാണ്. ഞാൻ പറഞ്ഞ സത്യം നിങ്ങളും പറയണം.
!!!
മറിച്ചു പറഞ്ഞാൽ നാളെ നിങ്ങൾ തടവിലായിരിക്കും. കൃത്യവിലോപത്തിന്റെ ശിക്ഷ അറിയാമല്ലോ.
ശരി. അങ്ങു പറയുന്നതാണ് സത്യം. അവർ മോഷ്ടിച്ചു.
!


ഞായറാഴ്ച രാവിലെ
പടയാളികൾ നമ്മെ അന്വേഷിച്ചു വന്നതാവാം.
ഇനി എവിടെയാണൊളിക്കുക! വാതിൽ തുറന്നില്ലെങ്കിൽ അവർ തല്ലി പൊളിക്കും.
വാതിൽ തുറക്കുവിൻ.
അതു മഗ്ദലനയിലെ മേരിയുടെ ശബ്ദമാണല്ലോ.
കല്ലറ ആരോ തുറന്നു. ഗുരുവിന്റെ ശരീരം മോഷ്ടിച്ചു കൊണ്ടു പോയി.
എന്ത്? എന്താണു സംഭവിച്ചതെന്നു പറയൂ.
ഇന്നു പുലർച്ചയ്ക്കു ഞങ്ങൾ മൂന്നുപേരും കൂടി ചെന്നപ്പോൾ കല്ലറ തുറന്നു കിടക്കുന്നു. ശരീരം കാണാനില്ല.
എന്താണു സംഭവിച്ചതെന്നു പോയി നോക്കാം.


പത്രോസും യോഹന്നാനും ശവ കുടീരത്തിലേക്ക് ഓടി.
?!!!
എന്തിനാണവർ ശരീരം എടുത്തു മാറ്റിയത്?
എടുത്തു മാറ്റിയ താണെങ്കിൽ ഈ കച്ച ഇങ്ങനെ കിട ക്കില്ലല്ലോ.
മനസ്സിലാക്കാൻ പറ്റാത്ത എന്തോ ഇവിടെ സംഭവി ച്ചിരിക്കുന്നു.
ഏതായാലും നമുക്ക് മാളിക മുറിയിലേക്കു മടങ്ങാം.


മഗ്ദലേനാ വീണ്ടും കല്ലറയിൽ വന്നു.
കർത്താവേ, അങ്ങ് എവിടെയാണ്?
അവൾ തിരിഞ്ഞുനോക്കിയപ്പോൾ
ഈ തോട്ടത്തിന്റെ ഉടമയാണോ അങ്ങ്? എന്റെ ഗുരുവിനെ എവിടെയാണു വച്ചതെന്നു പറയൂ. ഞാൻ എടുത്തു കൊണ്ടു പൊയ്ക്കൊള്ളാം.
മേരീ.
അപ്പോഴാണ് അത് യേശുവാണെന്ന് അവൾക്കു മനസ്സിലായത്.
ഓ, എന്റെ ഗുരോ.
മേരീ, നീ എന്റെ സഹോദരന്മാരുടെ അടുത്തേക്കു ചെല്ലുക. ഞാൻ എന്റെ പിതാവിന്റെയും നിങ്ങളുടെ പിതാവിന്റെയും അടുത്തേക്ക് ആരോഹണം ചെയ്യുന്നു എന്നു പറയുക.
കർത്താവേ, ഞങ്ങളെ വിട്ടു പോകരുതേ.
മേരീ, വേഗം ചെന്നു പറയൂ.


അന്നുതന്നെ രണ്ടു ശിഷ്യന്മാർ ജറുസലെമിൽനിന്ന് ഏകദേശം പന്ത്രണ്ടു കിലോ മീറ്റർ അകലെയുള്ള എമ്മാവൂസിലേക്കു യാത്രയായി.
ഉറക്കം തെളിഞ്ഞിട്ടും പേടിപ്പെടുത്തുന്ന ഒരു ദുഃസ്വപ്നം പോലെ തോന്നുന്നു എല്ലാം.
ഇത്രയേറെ അത്ഭുതങ്ങൾ പ്രവർത്തിച്ച ഗുരുനാഥൻ എന്തേ ഇത്ര ഹീനമായി കൊല്ലപ്പെടാൻ അനുവദിച്ചു.
പീലാത്തോസിന്റെ അങ്കണത്തിലെ അട്ടഹാസം നീ കേട്ടില്ലേ?
ആ ജനത്തെ മുഴുവൻ പിശാചു ബാധിച്ചതു പോലെ തോന്നി.
പിശാചുക്കളുടെ വ്യൂഹങ്ങളെത്തന്നെ പുറത്താക്കിയവൻ എന്തേ ഇങ്ങനെ ദുർബ്ബലനായി കീഴടങ്ങി!
നമ്മളെല്ലാം ഭീകരമായി വഞ്ചിക്കപ്പെട്ടു എന്നാണ് എനിക്കു തോന്നുന്നത്.
കഴുതപ്പുറത്ത് എഴുന്നള്ളുന്നതു കണ്ടപ്പോൾ നാം പ്രതീക്ഷിച്ചിരുന്ന രാജാവ് അവൻ തന്നെയാണെന്നു കരുതി.
അതുതന്നെയാ ഞാൻ പറഞ്ഞത്. എല്ലാം ഒരു വഞ്ചന അല്ലായിരുന്നോ?


അവർ സംസാരിച്ചു കൊണ്ടു പോകുമ്പോൾ ഒരപരിചിതനെ കണ്ടുമുട്ടി.
എന്തിനെക്കുറിച്ചാണ് നിങ്ങളിത്ര ദുഃഖത്തോടെ സംസാരിക്കുന്നത്?
ഈ ദിവസങ്ങളിൽ ജറുസലെമിൽ സംഭവിച്ചതൊന്നും നീ അറിഞ്ഞില്ലേ?
എന്തു സംഭവം?
നസ്രായനായ യേശുവിനു സംഭവിച്ച കാര്യങ്ങൾ.
എത്ര മനോഹരമായി അവൻ പഠിപ്പിച്ചു. എത്ര അത്ഭുതങ്ങൾ പ്രവർത്തിച്ചു! ശക്തനായ ഒരു പ്രവാചകനായിരുന്നു അവൻ.
!
ഇസ്രായേലിന്റെ രക്ഷകനാണവൻ എന്നു ഞങ്ങൾ പ്രതീക്ഷിച്ചു. പക്ഷേ, ഞങ്ങളുടെ നേതാക്കന്മാർ അവനെ കുരിശിൽ തറച്ചു കൊന്നു കളഞ്ഞു. ഇതു മൂന്നാം ദിവസമാണ്.


ഇന്നു രാവിലെ ഞങ്ങളുടെ ചില സ്ത്രീകൾ ചെന്നപ്പോൾ ശവകുടീരം തുറന്നു കിടക്കുന്നത്രേ!
മാലാഖമാരെ കണ്ടെന്നാണവർ പറഞ്ഞത്. എന്നാൽ ശരീരം അവിടെ കണ്ടില്ലെന്നും.
പ്രവാചകന്മാർ പറഞ്ഞിട്ടുള്ളതു വിശ്വസിക്കാൻ കഴിയാത്തവിധം നിങ്ങളുടെ ഹൃദയം കഠിനമായിപ്പോയോ?
!?
ക്രിസ്തു ഇതെല്ലാം സഹിച്ച് മഹത്വത്തിലേക്കു പ്രവേശിക്കേണ്ടിയിരുന്നില്ലേ?
!!
ഇസഹാക്ക് ആരുടെ പ്രതീകമായിരുന്നു?


പീഡനങ്ങൾക്കിരയായ ദാസനെക്കുറിച്ച് ഏശയ്യാ പറഞ്ഞില്ലേ? ആരാണ് ആ ദാസൻ? ആരുടെ പീഡനങ്ങളാണ് ഇരുപത്തിരണ്ടാം സങ്കീർത്തനം വിവരിക്കുന്നത്?
!!
ക്രിസ്തുവിന്റെ സഹനത്തെക്കുറിച്ചുള്ള പ്രവചനങ്ങൾ അയാൾ അവർക്കു വ്യാഖ്യാനിച്ചു കൊടുത്തു.
പകൽ അസ്തമിക്കാറായി. ഈ രാത്രി അങ്ങു ഞങ്ങളുടെ കൂടെ താമസിക്കണം.
അതാ ആ വീട്ടിലാണ് ഞങ്ങൾ വസിക്കുന്നത്. നാളെ രാവിലെ അങ്ങേയ്ക്കു യാത്ര തുടരാം.


കർത്താവേ, ഇത്
അങ്ങായിരുന്നോ?
തൽക്ഷണം യേശു അപ്രത്യക്ഷനായി. സന്തോഷത്തോടെ അവർ ഉടനെ ജറുസലെമിലേക്കു മടങ്ങി.
സഹോദരങ്ങളേ, വരുവിൻ. സന്തോഷിക്കുവിൻ. കർത്താവു ജീവിക്കുന്നു.
ഞങ്ങൾ അവനെ കണ്ടു.
അവൻ ഞങ്ങളോടൊപ്പം നടന്നു. ഞങ്ങൾക്ക് അപ്പം മുറിച്ചുതന്നു. അതു പറയാനാണിപ്പോൾ ഓടി വന്നത്.
!!!!
ഹല്ലേലുയ്യാ. കർത്താവു ജീവിക്കുന്നു.


എന്താ വാതിലും തുറന്നിട്ട് ബഹളം വയ്ക്കുന്നത്? നിങ്ങളുടെ സ്വരം അങ്ങു വഴിയിൽ കേൾക്കാം.
കേൾക്കട്ടെ. ലോകം മുഴുവൻ കേൾക്കട്ടെ.
?
വരൂ തോമസ്. ഇനി ഭയപ്പെടാനില്ല. കർത്താവ് ഉത്ഥാനം ചെയ്തു. ഞങ്ങളെല്ലാം അവനെ കണ്ടു.
നേരിട്ടുകാണാതെ ഞാൻ വിശ്വസിക്കുകയില്ല. കൈകളിലെ ആണിപ്പഴുതുകളും വിലാവിലെ മുറിവും തൊട്ടുനോക്കണം.
അതു കർത്താവാണെങ്കിൽ നിങ്ങൾക്കു മാത്രമല്ല, എനിക്കും പ്രത്യക്ഷപ്പെടണം. ഞാനും അവന്റെ ശിഷ്യനല്ലേ?
?!!


എട്ടു ദിവസങ്ങൾക്കുശേഷം അവരെല്ലാവരും മുറിയിൽ വാതിലടച്ച് സമ്മേളിച്ചിരിക്കെ
!!!
തോമസ് ഇവിടെ വരൂ! മുറിവുകൾ തൊട്ടു നോക്കൂ! അവിശ്വാസിയാകാതെ വിശ്വാസിയായിരിക്കൂ.
?
എന്റെ കർത്താവേ, എന്റെ ദൈവമേ!
!
നീ കണ്ടതുകൊണ്ടു വിശ്വസിച്ചു. കാണാതെ വിശ്വസിക്കുന്നവർ ഭാഗ്യവാന്മാർ.


ദിവസങ്ങൾക്കുശേഷം
കർത്താവിനെ കണ്ടിട്ട് ദിവസങ്ങളായി.
നമുക്കു ഗലീലിയിലേക്കു മടങ്ങാം. ഇനി എന്താണു ചെയ്യേണ്ടതെന്ന് കർത്താവു തന്നെ പറയട്ടെ.
നമ്മൾ എത്ര നാളാണ് ഇങ്ങനെ ഈ മുറിയിൽ കഴിച്ചുകൂട്ടുക. ഔദാര്യം സ്വീകരിക്കുന്നതിനും അതിരുവേണ്ടേ?


ഗലീലിയിൽ പത്രോസിന്റെ വീട്ടിൽ
ഓ എന്റെ മക്കളേ, നിങ്ങളെ ഇനി ജീവനോടെ കാണാനൊക്കുമെന്നു ഞാൻ കരുതിയില്ല. എന്നാലും ഗുരുവിന് ഇതു സംഭവിച്ചല്ലോ.
അമ്മേ, കർത്താവ് ഉയർത്തെഴുന്നേറ്റു. ഇനി ഒരിക്കലും മരിക്കില്ല.
!!



എന്നിട്ട് ഗുരു എവിടെ? നിങ്ങൾ തനിച്ച് ഇങ്ങു പോന്നതെന്താ?


ഗുരു എപ്പോൾ എവിടെ പ്രത്യക്ഷപ്പെടുമെന്ന് ആർക്കും പറയാനാവില്ല.
ശരീരത്തോടെ ഉയിർത്തെങ്കിൽ പിന്നെ എന്താ കാണാൻ പ്രയാസം? നായിനിലെ ആ പയ്യനെ കണ്ടില്ലേ?
!
അതുപോലെയല്ല ഇത്. കർത്താവിന്റെ ശരീരത്തിന് എന്തോ വ്യത്യാസമുണ്ട്. ചിലപ്പോൾ കാണാം. ചിലപ്പോൾ കാണില്ല.
അതെന്താ ശരീരമാ?
എനിക്കറിയില്ല. ഞങ്ങളുടെ മുമ്പിൽ വച്ച് ഭക്ഷണം കഴിച്ചു. അടുത്ത നിമിഷം അപ്രത്യക്ഷനായി.
?
എനിക്കു കാണാൻ എത്ര ആഗ്രഹമുണ്ടെന്നോ! അന്നത്തെ ആ പനി കഴിഞ്ഞതിൽ പിന്നെ ഗുരുവിനെ എപ്പോഴും കാണണമെന്നാ.
കാത്തിരിക്കാം. ചിലപ്പോൾ ഇവിടെയും പ്രത്യക്ഷപ്പെട്ടെന്നു വരാം. ആകട്ടെ ഞാൻ തടാകത്തിലേക്കു പോകുന്നു. വല്ല മീനും കിട്ടുമോ എന്നു നോക്കാം.
ഞാനും വരുന്നു. എത്ര നാളായി വല കൈയ്യിലെടുത്തിട്ട്.
!


മീനെല്ലാം എവിടെ പോയി ഒളിച്ചു?
മൂന്നുവർഷമായില്ലേ. മിക്കവാറും മീൻ താവളം മാറ്റിക്കാണും.
അതാ, ആരോ കരയിൽനിന്ന് വിളിക്കുന്നു.
കുഞ്ഞുങ്ങളേ, നിങ്ങളുടെ അടുക്കൽ മീൻ വല്ലതു മുണ്ടോ?
രാത്രിമുഴുവൻ വല വീശിയിട്ടും ഒന്നും കിട്ടിയില്ല.
വള്ളത്തിന്റെ വല ത്തുവശത്ത് വലയി ടുക.
പരീക്ഷിച്ചുകളയാം.


അവർ വലയിറക്കി.
വല നിറഞ്ഞിട്ടുണ്ട്. കീറാതെ സൂക്ഷിക്കണം.
ഇതെന്തൊ രത്ഭുതം!
അതു കർത്താവാണ്.


അതുകേട്ട ഉടനെ പത്രോസ്





നിങ്ങൾ ഇപ്പോൾ പിടിച്ച മീനിൽ കുറെ കൊണ്ടുവരുവിൻ. എന്നിട്ട് വന്ന് പ്രാതൽ കഴിക്കുവിൻ.
വാങ്ങി ഭക്ഷിക്കുവിൻ.
പ്രാതലിനുശേഷം
യോഹന്നാന്റെ പുത്രനായ ശിമയോനെ നീ ഇവരെക്കാൾ അധികമായി എന്നെ സ്നേഹിക്കുന്നുവോ?
ഉവ്വ്, കർത്താവേ, ഞാൻ അങ്ങയെ സ്നേഹിക്കുന്നുവെന്ന് അങ്ങ് അറിയുന്നുവല്ലോ.
?!!!
എന്റെ ആടുകളെ മേയ്ക്കുക.


യേശു മൂന്നാം തവണ അതേ ചോദ്യം ആവർത്തിച്ചു.
യോഹന്നാന്റെ പുത്രനായ ശിമയോനേ നീ എന്നെ സ്നേഹിക്കുന്നുവോ?
കർത്താവേ, അങ്ങ് എല്ലാം അറിയുന്നു. ഞാൻ അങ്ങയെ സ്നേഹിക്കുന്നുവെന്നും അങ്ങേയ്ക്ക് അറിയാമല്ലോ.
എന്റെ കുഞ്ഞാടുകളെ മേയിക്കുക.
ചെറുപ്പമായിരുന്നപ്പോൾ നീ യാത്രയ്ക്കൊരുങ്ങി നിനക്കിഷ്ടമുള്ളിടത്തേക്കു പോയിരുന്നു.
എന്നാൽ പ്രായമാകുമ്പോൾ മറ്റൊരാൾ നിന്നെ പിടിച്ചുകെട്ടി നിനക്കിഷ്ടമില്ലാത്തിടത്തേക്കു കൊണ്ടുപോകും.
?
നിങ്ങൾ ജറുസലെമിലേക്കു മടങ്ങുവിൻ. അവിടെവച്ച് വീണ്ടും നിങ്ങൾ എന്നെ കാണും.


ജറുസലെമിൽവച്ച് യേശു അവർക്കു പലതവണ പ്രത്യക്ഷപ്പെട്ട് അവരെ പഠിപ്പിച്ചു. ഉത്ഥാനത്തിന്റെ നാല്പതാം ദിവസം.
എന്നെക്കുറിച്ച് വിശുദ്ധഗ്രന്ഥത്തിൽ എഴുതപ്പെട്ടിരിക്കുന്നതെല്ലാം നിറവേറേണ്ടിയിരുന്നു എന്ന് ഞാൻ നിങ്ങളോടു പറഞ്ഞിട്ടുണ്ടല്ലോ.
സ്വർഗ്ഗത്തിലും ഭൂമിയിലും ഉള്ള എല്ലാ അധികാരവും പിതാവ് എനിക്കു നല്കിയിരിക്കുന്നു. എന്റെ പിതാവ് എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയയ്ക്കുന്നു.
നിങ്ങൾ ലോകമെങ്ങും പോയി എല്ലാ ജനങ്ങളെയും ശിഷ്യപ്പെടുത്തുവിൻ. ഞാൻ നിങ്ങളോടു കല്പിച്ചവ അനുസരിക്കാൻ അവരെ പഠിപ്പിക്കുവിൻ.


പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ അവരെ സ്നാനപ്പെടുത്തുവിൻ.
കർത്താവേ, ഞങ്ങളെ തനിയെ വിട്ടിട്ടു പോകരുതേ.
ഭയപ്പെടേണ്ടാ, ലോകാവസാനംവരെ ഞാൻ നിങ്ങളോടു കൂടെ ഉണ്ടായിരിക്കും.
അനന്തരം യേശു അവരെ ഒലിവു മലയിലേക്കു നയിച്ചു.
കർത്താവേ, എപ്പോഴാണ് അങ്ങ് ഇസ്രായേലിന് രാജ്യം നല്കുന്നത്?
പിതാവു നിശ്ചയിച്ചിരിക്കുന്ന സമയം നിങ്ങൾ അറിയേണ്ട കാര്യമില്ല. പരിശുദ്ധാത്മാവു വന്ന് നിങ്ങളെ ശക്തിപ്പെടുത്തുന്നതുവരെ ജറുസലെം വിട്ടു പോകരുത്.


അവർ നോക്കി നില്ക്കേ യേശു സ്വർഗ്ഗത്തിലേക്ക് ആരോഹണം ചെയ്തു.
സ്വർഗ്ഗത്തിലേക്ക് ആരോഹണം ചെയ്ത യേശു മടങ്ങിവരും.


നമുക്കു നമ്മുടെ മുറിയിലേക്കു മടങ്ങാം. പരിശുദ്ധാത്മാവിനുവേണ്ടി പ്രാർത്ഥനയോടെ കാത്തിരിക്കാം.


"യേശുക്രിസ്തു" എന്ന ചിത്രകഥാപരമ്പര ഇവിടെ അവസാനിക്കുകയാണ്. എന്നാൽ യേശുവിന്റെ പ്രവർത്തനം ഇവിടെ അവസാനിക്കുന്നില്ല. കുരിശിലെ രക്തത്തിൽ കിളിർത്ത സഭ പീഡനങ്ങൾക്കു മധ്യേ വളരുന്നു.
അടുത്ത ചിത്രകഥ
തീനാവുകൾ




# സാക്ഷികൾ - തീനാവുകൾ

**Mar Louis Publications**
Broadway, Ernakulam, Kochi - 682 031
Ph:0484-2352110
website:www.marlouiskochi.com
e-mail:marlouiskochi@gmail.com